**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **10-02-2025 - ൽ മറുപടിയ്ക്ക്**

**ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുതപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ, തച്ചമ്പാറ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുതപദ്ധതി സ്ഥാപിക്കുന്നതിനു നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | 11.12.2017 ലെ സർക്കാർ ഉത്തരവ് G.O.(MS) No. 25/2017/PD അനുസരിച്ച് 30 വർഷത്തെ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ ആറ്റില-I (6MW), ആറ്റില- II (6MW) എന്നിങ്ങനെ രണ്ട് പദ്ധതികൾ അനുവദിച്ച് നല്കിയിട്ടുണ്ട്.<br><br>സംരംഭകർ, ടി പദ്ധതിക്കായി പ്രോജക്റ്റ് കമ്പനികൾ സ്ഥാപിക്കു കയും വിശദമായ ടെക്നോ-എകണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കുകയും TEFR ക്ലിയറൻസിനായി അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. വനം വകുപ്പിന്റെ ഈ രണ്ടു പദ്ധതിയിലും വനം വകുപ്പിന്റെ അനുമതിക്കുള്ള പുനഃ പരിശോധന നടത്തുന്നതിന് സർക്കാർ ഇടപെടലുകൾ നടത്തിയ തിനെ തുടർന്ന് പദ്ധതി പ്രദേശത്ത് വനം വകുപ്പ് ഉദ്യോഗസ്ഥരും, എനർജി മാനേജ്മെന്റ് സെന്റർ പ്രതിനിധികളും സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പദ്ധതിക്കായി കുറഞ്ഞ വനമേഖല ഉപയോ ഗിക്കുന്ന തരത്തിൽ നില വിലെ TEFR പുതുക്കി പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സംരംഭകർക്ക് നിർദ്ദേശം നല്കിയിട്ടു ണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഇതിലേക്കുള്ള സർവ്വേ ജോലികൾ തീർക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിലവിൽ സംരംഭകർ ഈ പദ്ധതികൾക്കായി വനമേഖല താരതമ്യേന കുറവ് വരുന്ന പുതിയ സ്ഥലങ്ങൾ കണ്ടെത്തിയതായി അറിയിച്ചു. സംരംഭകർ അത് പ്രകാരം പുതിയ അപേക്ഷ പരിവേഷ് പോർട്ടൽ വഴി സമർപ്പിക്കുന്ന തിനായി, മുൻപ് നിരസിച്ച അപേക്ഷ പിൻവലിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ